**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 707** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ചേലക്കര ബ്രാഞ്ചിന്റെ പ്രവർത്തനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. യു. ആർ. പ്രദീപ്

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** ചേലക്കര നിയോജക മണ്ഡലത്തിലെ പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ചേലക്കര ബ്രാഞ്ചിന്റെ സേവന മേഖല ഏതെല്ലാം താലൂക്കുകൾ ഉൾപ്പെട്ടതാണെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ ചേലക്കര ഓഫീസിന്റെ പ്രവർത്തന പരിധിയിൽ കുന്നംകുളം, തലപ്പള്ളി എന്നീ താലൂക്കുകൾ ഉൾപ്പെടുന്നു.

**(ബി)** പ്രസ്തുത ആഫീസ് വഴി 2021-2026 കാലയളവിൽ എത്രപേർക്ക് എത്ര കോടി രൂപയുടെ വായ്പ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ ചേലക്കര ഓഫീസ് വഴി 2021-2026 സാമ്പത്തിക വർഷ കാലയളവിൽ 7,650 ഗുണഭോക്താക്കൾക്കായി 102.30 കോടി രൂപയുടെ വായ്പ വിതരണം ചെയ്തിട്ടുണ്ട്.

**(സി)** ചേലക്കര നിയോജകമണ്ഡലം പിന്നാക്ക വിഭാഗക്കാർ കൂടുതൽ അധിവസിക്കുന്ന പ്രദേശമായതുകൊണ്ട് കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് മുന്തിയ പരിഗണന നൽകുമോ;

**<u>മറുപടി:</u>** നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്. വീട് നിർമ്മാണ, സ്വയം തൊഴിൽ വായ്പകൾ നൽകുന്നതിനും പ്രത്യേകിച്ച് പിന്നാക്ക വിഭാഗക്കാർ അധിവസിക്കുന്ന പ്രദേശങ്ങളിൽ കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ വിപുലമാക്കാൻ ശ്രദ്ധിക്കാറുണ്ട്.

**(ഡി)** കൂടുതൽ വീട് നിർമ്മാണ, സ്വയം തൊഴിൽ വായ്പകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്. വീട് നിർമ്മാണ, സ്വയം തൊഴിൽ വായ്പകൾ നൽകുന്നതിനും പ്രത്യേകിച്ച് പിന്നാക്ക വിഭാഗക്കാർ അധിവസിക്കുന്ന പ്രദേശങ്ങളിൽ കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ വിപുലമാക്കാൻ ശ്രദ്ധിക്കാറുണ്ട്.

**സെക്ഷൻ ഓഫീസർ**